ഉത്തരം

(എ) 15 ഒഴിവുകൾ.

(ബി) 15 ഒഴിവുകൾ.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) 16-4-1997-ൽ.

(ഇ) 91 പേർക്ക്.

(എഫ്) 15 ഒഴിവുകൾ.

(ജി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പി.എസ്.സി.-യെ അറിയിക്കുന്നതാണ്.

വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഖാദി ഉൽപ്പന്നങ്ങൾ

23 [1992] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഖാദി ഉൽപ്പന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) റെക്സിൻ, പി.വി.സി. ഉൽപ്പന്നങ്ങളെ വിൽപ്പന നികുതിയിൽ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-4-2004 മുതൽ 25 ലക്ഷത്തിൽ താഴെ വാർഷിക വിറ്റുവരവുള്ള ഖാദി വില്ലേജ് യൂണിറ്റുകളെ അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി

24 [1993] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽക്കാണ് നികുതി പിരിക്കുന്നത്.;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും തരത്തിലുള്ള കേസുകളുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേസ്സിന്റെ അന്തിമ വിധി വരുന്നതിനുമുമ്പ് തന്നെ വിൽപ്പന നികുതി റവന്യൂ അധികൃതർ ഖാദി യൂണിറ്റുകൾക്ക് റവന്യൂ റിക്കവറി നോട്ടീസു കളയച്ച് ജപ്തി നടപടികൾക്ക് തുടക്കമിട്ട കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വർഷത്തെ ബഡ്ജറ്റിൽ ഖാദി മേഖയ്ക്ക് എന്തെല്ലാം നികുതി ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് മുൻകാല പ്രാബല്യത്തോടെ നടപ്പാക്കാനായി പ്രത്യേക ഉത്തരവിറക്കി 5 ലക്ഷത്തോളം ആളുകൾ പണിയെടുക്കുന്ന ഈ മേഖലയെ രക്ഷിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. 320/04 അനുസരിച്ച് 1-4-2004 മുതൽ 25 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള എല്ലാ ഖാദി ഉൽപ്പന്ന യൂണിറ്റു കളെയും നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി വിജ്ഞാപനം അനുസരിച്ച് 25 ലക്ഷം രൂപയിൽ അധികം വിറ്റുവരവുള്ള ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ 1-4-2004 മുതൽ 4 ശതമാനം നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.

(ബി) എസ്.ആർ.ഒ. 320/04 നിലവിൽ വരുന്നതിനു മുമ്പ് ഖാദി ആന്റ് ഗ്രാമവ്യവസായ ബോർഡ്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ ഓഫ് ഇൻഡ്യ എന്നിവയുടെ അംഗീകാരമുള്ളതും, 21 ഇനം ഖാദി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതുമായ യൂണിറ്റുകളെ 1-4-2000 മുതൽ എസ്.ആർ.ഒ. 291/2000 പ്രകാരം നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്ന ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ 1-4-2000 മുതൽ 4 ശതമാനം നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ഖാദി ഗ്രാമവ്യവസായ അസോസിയേഷനും മറ്റും നൽകിയ ഒ.പി. നമ്പരുകൾ 30028, 28737/00, 17188, 21977/01, 14490, 23688, 29691, 37796/02 പ്രകാരമുള്ള കേസ്സുകളിൽ ബഹു. കേരള ഹൈക്കോടതി സിങ്കിൾ ബഞ്ച് 9-4-2003-ൽ വിധി പറയുകയുണ്ടായി. ടി വിധിപ്രകാരം എല്ലാ ഖാദി യൂണിറ്റുകളും 31-3-2000 വരെയുള്ള കാലയളവിൽ വാർഷിക വിറ്റുവരവ് പരിഗണിക്കാതെ എസ്.ആർ.ഒ. 1090/99 പ്രകാരമുള്ള നികുതിയൊഴിവിന് അർഹമാണ്. എസ്.ആർ.ഒ. 291/00 പ്രകാരമുള്ള 21 ഇനം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ ഒഴികെയുള്ള മറ്റ് യൂണിറ്റുകൾ 1-4-2000 മുതൽ 4 ശതമാനം നികുതി നൽകുവാൻ ബാദ്ധ്യസ്ഥരാണ്. എസ്.ആർ.ഒ. 291/00 പ്രകാരമുള്ള നികുതിയൊഴിവ് നിയമവിരുദ്ധമായി കോടതി പ്രഖ്യാപിച്ചുവെങ്കിലും നേരത്തെ നികുതി ഒഴിവ് ലഭിച്ചിരുന്ന 21 യൂണിറ്റുകൾ 31-7-2004 വരെ നികുതി അടയ്ക്കേ ണ്ടതില്ല എന്ന് കോടതി വ്യക്തമാക്കി. നികുതി ഒഴിവ് നൽകുന്നതിന് വാർഷിക വിറ്റുവരവോ മറ്റ് നിയമപരമായ മാനദണ്ഡങ്ങളോ സർക്കാർ സ്വീകരിക്കണമെന്നും ബഹു. കോടതി നിർദ്ദേശിച്ചു. സിങ്കിൾ ബഞ്ചിന്റെ വിധിക്കെതിരെ ഗവൺമെന്റും ഖാദി യൂണിറ്റുകളും ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഡിവിഷൻ ബഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

റിട്ട് അപ്പീൽ നം. 1436/03 (ഷാജൻ കുര്യൻ വെർസസ് സ്റ്റേറ്റ് ഓഫ് കേരള മുതൽ പേർ) എന്ന കേസ്സിൽ 29-8-2003-ലെ വിധിപ്രകാരം സിങ്കിൾ ബഞ്ചിന്റെ ഉത്തരവ് ശരിവയ്ക്കുകയുണ്ടായി. എന്നാൽ സർക്കാരിന് പൊതുവിൽപ്പന നികുതി നിയമം 10 പ്രകാരം നിലവിലുള്ള വിജ്ഞാപനത്തിൽ മാറ്റം വരുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഫയൽ ചെയ്ത 1724/03 നമ്പർ അപ്പീലിന്മേൽ അന്തിമ വിധിയായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുവാൻ 22-1-2004-ലെ 26140/ബി3/03/റ്റി.ഡി. പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ വർഷത്തെ ബഡ്ജറ്റ് പ്രകാരം 25 ലക്ഷത്തിൽ താഴെ വിറ്റു വരുമാനമുള്ള ഖാദി യൂണിറ്റുകളെ പരിപൂർണ്ണമായും നികുതി വിമുക്തമാക്കിയിട്ടുണ്ട്.

(ഇ) ഹൈക്കോടതി വിധിയ്ക്കെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ (1724/03) ഇതുവരെയും അന്തിമ വിധിയാവാത്തതിനാൽ നികുതി ഇളവ് മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കുന്ന കാര്യം സംബന്ധിച്ച തീരുമാനം ഇപ്പോൾ കൈക്കൊള്ളാൻ കഴിയില്ല. എന്നാൽ നികുതി കുടിശ്ശിക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുവാൻ എല്ലാ ബന്ധപ്പെട്ട നികുതി ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ധർമ്മസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കാൻ നടപടി

25 [1994] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ട്രഷറി നിയന്ത്രണം മൂലം യഥാസമയം ഗ്രാന്റ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓർഫനേജുകൾക്കും ഇതര ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ് ട്രഷറി നിയന്ത്രണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ ഗ്രാന്റിനെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കണമെന്ന അഭ്യർത്ഥനകൾ മാനിച്ച് പ്രതിമാസ ഇളവുകളിൽ ഉൾപ്പെടുത്തി വരുന്നു.

(ബി) പൂർണ്ണമായും ഒഴിവാക്കാൻ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. പ്രതിമാസ ഇളവുകളിൽ ഈ ഗ്രാന്റ് ഇപ്പോൾ തന്നെ ഉൾപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly